**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീരശോഷണം മൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ തീരശോഷണം മൂലം വീട് നഷ്ടപ്പെട്ട് 12 ക്യാമ്പുകളിലായി 71 കുടുംബങ്ങളിലെ 260 പേരെയും, ആലപ്പുഴ ജില്ലയിൽ 2 കുടുംബങ്ങളിലെ 6 പേരെയും ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. തീരശോഷണം മൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 20,908 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. സർക്കാർ ഭരണാനുമതി നൽകിയ പുനർഗേഹം പദ്ധതിയിൽ 8235 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | ഇവരെ എന്നത്തേക്ക് പൂർണ്ണമായി പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ ക്യാമ്പിൽ കഴിയുന്ന 71 കുടുംബങ്ങളിൽ 7 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവർ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമത്തിലുമാണ്. ആലപ്പുഴ ജില്ലയിലെ 2 കുടുംബങ്ങളും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട് ഭവന നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ ഒരു വർഷത്തിനകം പുനരധിവസിപ്പിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ